27.12.2010

## പത്രക്കുറിപ്പ്

## നോർക്കാ-റൂട്ട്സ് ജോബ് പോർട്ടലിൽ രജിസ്ട്രേഷൻ ആരംഭിച്ചു

വിദേശത്തെ തൊഴിലുടമകളെയും കേരളീയ തൊഴിലന്വേഷകരെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനും റിക്രൂട്ട്മെന്റ് സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി നോർക്കാ-റൂട്ട്സിന്റെ ജോബ് പോർട്ടൽ www.jobsnorka.gov.in 2010 ഡിസംബർ 18 മുതൽ പ്രവർത്തനമാരംഭിച്ചു.

ജോബ് പോർട്ടലിൽ തൊഴിൽ ദാതാക്കൾക്കും, തൊഴിലന്വേഷകർക്കും അവരുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും, പുതുക്കുന്നതിനും, തിരയുന്നതിനുമുള്ള സംവിധാനങ്ങളുണ്ട്. രജിസ്റ്റർ ചെയ്യപ്പെടുന്ന തൊഴിൽ ദാതാക്കളുടെ രേഖകൾ പരിശോധിച്ച് നോർക്കാ-റൂട്ട്സിൽ നിന്നും അനുമതി നൽകുന്നതോടെ അവരുടെ ഒഴിവുകൾ സൗജന്യമായി പോർട്ടലിൽ നൽകാൻ കഴിയും.

100 രൂപ ഫീസടച്ച് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലന്വേഷകർക്ക് തങ്ങൾക്കനുയോജ്യമായ തൊഴിലവസരങ്ങൾ തിരയുന്നതിനും, അപേക്ഷിക്കുന്നതിനുമുള്ള അവസരങ്ങൾ ലഭ്യമാകും. നോർക്കാ-റൂട്ട്സ്, തിരുവനന്തപുരത്തിന്റെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായാണ് രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടത്. തൊഴിലന്വേഷകരുടെ വിശദമായ ബയോഡാറ്റയും ഫീസ് അടച്ചതിന്റെ വിവരങ്ങളും രജിസ്ട്രേഷൻ സമയത്ത് പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്. നോർക്കാ-റൂട്ട്സ് വഴി നടത്തപ്പെടുന്ന വിദേശ തൊഴിൽ റിക്രൂട്ട്മെന്റുകൾക്കായുള്ള ഡാറ്റാബാങ്കായി ഇങ്ങനെ രജിസ്റ്റർ ചെയ്യപ്പെടുന്ന തൊഴിലന്വേഷകരുടെ അപേക്ഷകൾ പരിഗണിക്കുന്നതാണ്. ഉദ്യോഗാർത്ഥികളുടെ തിരഞ്ഞെടുപ്പും മറ്റ് നടപടിക്രമങ്ങളും പൂർണ്ണമായും കേന്ദ്ര പ്രവാസികാര്യ മന്ത്രാലയത്തിന്റെ റിക്രൂട്ട്മെന്റ് വ്യവസ്ഥകൾക്കനുസൃതമായിരിക്കും.

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**
നോർക്കാ-റൂട്ട്സ്